# ജി വി എച്ച് എസ് എസ്

# ചെട്ടിയാംകിണർ




# ഹാഷ്ടാഗ് 2k24

little KITEs

# ഉള്ളടക്കം

ആമുഖം

നോവിന്റെ ഇരുട്ടറ - കഥ

ആസ്വാദനകുറിപ്പ് - ദി കിഡ്

ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെ കാലത്തെ വിദ്യാഭ്യാസം - ലേഖനം

മധുരമുള്ള മുന്തിരി - ചിത്രകഥ

FOURTEEN GOLDEN PRINCIPLES FOR STRESS FREE LIVING

**Autumn of My Life** -Poem

**The Mysterious Letter** - Story

CHIMERA - COLLECTION OF PORTRAITS

വേനലിലെ എന്റെ അവധിക്കാലം

ചിത്രവാക്കുകൾ

النواتج الدراسية

चोरी मत करो - चहितर काता

कौन क्या कहता है - महत कथन

രേഖചിത്രങ്ങൾ

കാർട്ടൂണുകൾ

സ്കൂൾ ചിത്രങ്ങളിലൂടെ

പ്രവർത്തന റിപ്പോർട്ട് 2023-24

വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ ഉൾപ്പെടുത്തി 'ലിറ്റിൽ കൈറ്റ്സ്" പ്രസിദ്ധീകരിക്കുന്ന മാഗസിൻ
എല്ലാ ആശംസകളും. എഴുത്തിലൂടെയും, വരയിലൂടെയും സർഗാത്മകമായ
ആത്മപ്രകാശനങ്ങളിലൂടെയും  അടയാളപ്പെടുത്താൻ കുട്ടികൾക്ക് കഴിയട്ടെ.... ഹൃദയപൂർവ്വം
നന്മകൾ നേരുന്നു.....

പ്രസാദ് പി പ്രധാനാദ്ധ്യാപകൻ

# നോവിന്റെ ഇരുട്ടറ

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അകത്തളങ്ങളിലേക്ക് ഇറങ്ങി ചെന്നപ്പോൾ അയാളുടെ മനസ്സിൽ ഒരു നീറ്റൽ അനുഭവപ്പെട്ടു. മനസ്സിന്റെ ഇരുട്ടറയിൽ അടക്കപ്പെട്ട തന്നെ ഒരിക്കലും തിരിച്ചു കൊണ്ടുവരാൻ പറ്റില്ല. അയാൾക്ക് ചെയ്ത ഒരോ തെറ്റിനും ഖേദം തോന്നുന്നു. ചെയ്ത തെറ്റിന് നാട് കടത്തപെട്ടവൻ എന്ന മുദ്രയും ചാർത്തി തന്നു . അതോടെ ജനങ്ങൾ തന്നിൽ നിന്നും അകലുന്ന പോലെ തോന്നി. തനിക്കു ലഭിക്കാനുള്ള സ്നേഹമോ ബഹുമാനമോ അകലുന്നത പോലെ തോന്നി. താൻ തന്റെ ജീവിതത്തിന്റെ മൂലയിൽ ഒരു കരടു പോലെ കിടക്കുന്നു. ഇനിയൊരിക്കലും ആ കരടിനു പിടിച്ചു നിൽക്കാൻ കഴിയില്ല. ഒരു കാറ്റിൽ പറന്നു പോവും, ജീവിതത്തിന്റെ ഒടുക്കം എങ്ങനെയായിരിക്കും എന്നതിലല്ല; ജീവിച്ചത് എങ്ങനെയായിരുന്നു എന്നതിലാണ് അയാൾക്ക് വിഷമം .



സൂര്യൻ ഭൂമിക്ക് വെളിച്ചം നൽകുന്നുണ്ടെങ്കിലും ഭൂമിയുടെ മറുവശം ഇരുണ്ടതാണ്. അതുപോലെ തനിക്ക് നല്ല കാര്യങ്ങൾ പറഞ്ഞു തന്നെങ്കിലും അതെന്നെ സംബന്ധിച്ചിടത്തോളം വെറുതെയായിരുന്നു. ഭൂമിയെ പോലെ എന്റെ ഉൾവശം ഇരുണ്ടതായിരുന്നു. അങ്ങനെയുള്ള എന്നെ ആരാണ് സ്വീകരിക്കുക. അയാളുടെ ജീവിതം കരിയില പോലെ പാറി നടന്നു. ഒന്നും നേടിയെടുക്കാൻ പറ്റാതെ .

MUHAMAD ANSHIF 10 B

# ആസ്വാദനക്കുറിപ്പ്

പ്രശസ്ത കോമഡി ആർട്ടിസ്റ്റായ 'ചാർളി ചാപ്ലിന്റെ' ഒരു അടിപൊളി സിനിമയാണ് " The Kid ". 1921 ൽ ആണ് The Kid എന്ന ചാപ്ലിന്റെ സിനിമ ഇറങ്ങിയത്. ഈ സിനിമ നമ്മെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നു. ചാർളി ചാപ്ലിന്റെ സിനിമയുടെ പ്രത്യാകതയാണ അദ്ദേഹം ശബ്ദം കൊണ്ടല്ല ആളുകളെ ചിരിപ്പിക്കുന്നത്. അദ്ധേഹം ആക്ഷൻ വഴിയാണ് ആളുകളെ ചിരിപ്പിക്കുന്നത. ഈ സിനിമയിൽ ആദ്യം കാണിക്കുന്നത ഒരു ചാരിറ്റി ഹോസ്പിറ്റലിൽ നിന്ന് ഇറങ്ങി വരുന്ന ഒരു അമ്മയെയും കാഞ്ഞിനെയുമാണ്. സബ്ദമില്ലാതെ ആക്ഷൻ മാത്രം നൽകിയാണ് ഇവർ അഭിനയിച്ചിട്ടുള്ളത. അമ്മയുടെ കയ്യിൽ നിന്ന് നഷ്ടപ്പെട്ട ആ കുട്ടിയെ ചാർളി ചാപ്ലിന്റെ കയ്യിൽ കിട്ടുന്നു. എന്നിട്ട് ചാർളി ചാപ്ലിൻ ആ കുട്ടിയെ നോക്കി വളർത്തുന്നു. കുട്ടി വളർന്നു വലുതാവുന്നതിനിടയിൽ സംഭവിക്കുന്ന കാര്യങ്ങളിൽ ഒരുപാടു തമാഷയുണ്ട. The Kid എന്ന സിനിമ ചാർളി ചാപ്ലിന്റെ അഭിനയ ജീവിതത്തിലെ മികച്ച പ്രകടനം കാഴ്ചവച്ച സിനിമയാണ്.




മുഹമ്മദ് അൻസിഫ് : 10 B

# ആർട്ടിഫിഷ്യൽ ഇൻ്റലിജൻസിൻ്റെ കാലത്തെ വിദ്യാഭ്യാസം

ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് (AI) വിവിധ മേഖലകളിലുടനീളം ഒരു പരിവർത്തന ശക്തിയായി ഉയർന്നുവന്നിട്ടുണ്ട്, കൂടാതെ വിദ്യാഭ്യാസവും ഒരു അപവാദമല്ല. വലിയ അളവിലുള്ള ഡാറ്റ വിശകലനം ചെയ്യാനും, പഠനാനുഭവങ്ങൾ വ്യക്തിഗതമാക്കാനും, തൽക്ഷണ ഫീഡ്ബാക്ക് നൽകാനുമുള്ള അതിൻ്റെ കഴിവ് ഉപയോഗിച്ച്, വിദ്യാഭ്യാസ രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ AI-ക്ക് വളരെയധികം കഴിവുണ്ട്.




വിദ്യാഭ്യാസത്തിൽ AI-യുടെ ഏറ്റവും പ്രധാനമായ പ്രയോഗങ്ങളിലൊന്ന് വ്യക്തിപരമാക്കിയ പഠനമാണ്. വ്യക്തിഗതവും, വിദ്യാർത്ഥികളുടെ വൈവിധ്യമാർന്നതുമായ പഠന ആവശ്യങ്ങൾ ഉൾക്കൊള്ളാൻ പരമ്പരാഗത ക്ലാസ് റൂം ക്രമീകരണങ്ങൾ പലപ്പോഴും ബുദ്ധിമുട്ടുന്നു. എന്നാൽ AI- പവർഡ് അഡാപ്റ്റീവ് ലേണിംഗ് പ്ലാറ്റ്ഫോമുകൾക്ക് ഓരോ വിദ്യാർത്ഥിയുടെയും വേഗത, പഠന ശൈലി, പ്രാവീണ്യം എന്നിവയുമായി പൊരുത്തപ്പെടുന്നതിനും ,വിദ്യാഭ്യാസ ഉള്ളടക്കം ക്രമീകരിക്കാനും കഴിയും. വിദ്യാർത്ഥികളുടെ പുരോഗതി ട്രാക്കുചെയ്യുന്നതിനും, മെച്ചപ്പെടുത്തുന്നതിനുള്ള മേഖലകൾ തിരിച്ചറിയുന്നതിനും അൽഗോരിതങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, പഠന ഫലങ്ങൾ ഒപ്റ്റിമൈസ് ചെയ്യുന്ന, ടാർഗെറ്റുചെയ്ത ഇടപെടലുകൾ നൽകാൻ AI-ക്ക് കഴിയും.

അദ്ധ്യാപകരുടെ അഡ്മിനിസ്ട്രേറ്റീവ് ടാസ്ക്കുകൾ കാര്യക്ഷമമാക്കാനും AI-ക്ക് കഴിയും, ഇത് പഠിപ്പിക്കുന്നതിലും മാർഗനിർദേശത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവരെ അനുവദിക്കുന്നു. ഓട്ടോമേറ്റഡ് ഗ്രേഡിംഗ് സിസ്റ്റങ്ങൾക്ക് അസൈൻമെൻ്റുകളും പരീക്ഷകളും വേഗത്തിലും കൃത്യമായും വിലയിരുത്താൻ കഴിയും, അധ്യാപകർക്ക് വിദ്യാർത്ഥികളുമായി ആഴത്തിലുള്ള തലത്തിൽ ഇടപഴകുന്നതിന് വിലപ്പെട്ട സമയം അത് ലഭ്യമാക്കുന്നു. കൂടാതെ, AI- പവർഡ് അനലിറ്റിക്സിന് വിദ്യാർത്ഥികളുടെ പ്രകടന ട്രെൻഡുകളെക്കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകാൻ കഴിയും, ഇത് മെച്ചപ്പെടുത്തുന്ന മേഖലകൾ തിരിച്ചറിയാനും അതിനനുസരിച്ച് അവരുടെ പ്രബോധന തന്ത്രങ്ങൾ പരിഷ്കരിക്കാനും അധ്യാപകരെ പ്രാപ്തരാക്കുന്നു.

വിദ്യാഭ്യാസത്തിൽ AI യുടെ മറ്റൊരു പ്രധാന നേട്ടം പ്രവേശനക്ഷമതയും ഉൾക്കൊള്ളലും വർദ്ധിപ്പിക്കുന്നതിനുള്ള അതിൻ്റെ കഴിവാണ്. സ്പീച്ച് റെക്കഗ്നിഷൻ സോഫ്റ്റ്‌വെയർ, ടെക്സ്റ്റ്-ടു-സ്പീച്ച് ആപ്ലിക്കേഷനുകൾ എന്നിവ പോലുള്ള AI-അധിഷ്ഠിത ടൂളുകൾക്ക് വിദ്യാഭ്യാസ സാമഗ്രികൾ ആക്സസ് ചെയ്യുന്നതിനുള്ള ഇതര മാർഗങ്ങൾ നൽകിക്കൊണ്ട് വൈകല്യമുള്ള വിദ്യാർത്ഥികളെ സഹായിക്കാനാകും. കൂടാതെ, AI-ക്ക് ഭാഷാ വിവർത്തനം സുഗമമാക്കാൻ കഴിയും, വിവിധ ഭാഷാ പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഉള്ളടക്കം കൂടുതൽ ആക്സസ്

ചെയ്യാൻ കഴിയും.

വിദ്യാഭ്യാസത്തിൽ AI യുടെ സംയോജനം നിരവധി നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, അത് അഭിസംബോധന ചെയ്യേണ്ട ധാർമ്മിക ആശങ്കകളും ഉയർത്തുന്നു. വംശം, ലിംഗഭേദം അല്ലെങ്കിൽ സാമൂഹിക സാമ്പത്തിക നില പോലുള്ള ഘടകങ്ങളെ അടിസ്ഥാനമാക്കി അസമത്വങ്ങൾ അശ്രദ്ധമായി AI സിസ്റ്റങ്ങൾ നിലനിർത്തുന്ന അൽഗോരിതം ബയസിൻ്റെ സാധ്യതയാണ് അത്തരത്തിലുള്ള ഒരു ആശങ്ക. കൂടാതെ, വിദ്യാർത്ഥികളുടെ ഡാറ്റയുടെ ശേഖരണവും വിശകലനവും സമ്മതത്തിൻ്റെയും രഹസ്യാത്മകതയുടെയും പ്രശ്നങ്ങൾ ഉയർത്തുന്നതിനാൽ, ഡാറ്റയുടെ സ്വകാര്യതയെയും സുരക്ഷയെയും കുറിച്ച് ആശങ്കകളുണ്ട്.

AI സാങ്കേതികവിദ്യയിൽ പുരോഗതിയുണ്ടായിട്ടും, അധ്യാപകരുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. AI-ക്ക് ചില ജോലികൾ ഓട്ടോമേറ്റ് ചെയ്യാനും വ്യക്തിഗതമാക്കിയ പഠനാനുഭവങ്ങൾ നൽകാനും കഴിയുമെങ്കിലും, അധ്യാപനത്തിൻ്റെ മാനുഷിക ഘടകത്തിന് പകരം വയ്ക്കാൻ അതിന് കഴിയില്ല. വിമർശനാത്മക ചിന്ത, സർഗ്ഗാത്മകത, വൈകാരിക ബുദ്ധി എന്നിവ വളർത്തിയെടുക്കുന്നതിൽ അധ്യാപകർ നിർണായക പങ്ക് വഹിക്കുന്നു

വിദ്യാഭ്യാസത്തിൽ കൃത്രിമ ബുദ്ധിയുടെ സംയോജനം അധ്യാപന, പഠന അനുഭവങ്ങളെ പരിവർത്തനം ചെയ്യുന്നതിനുള്ള വലിയ വാഗ്ദാനങ്ങൾ നൽകുന്നു. വ്യക്തിഗതമാക്കിയ പഠനവും മെച്ചപ്പെടുത്തിയ കാര്യക്ഷമതയും മുതൽ മെച്ചപ്പെട്ട പ്രവേശനക്ഷമതയും ഉൾപ്പെടുത്തലും വരെ, വിദ്യാഭ്യാസത്തെ നാം സമീപിക്കുന്ന രീതിയിൽ വിപ്ലവം സൃഷ്ടിക്കാൻ AI- യ്ക്ക് കഴിയും. എന്നിരുന്നാലും, ധാർമ്മിക ആശങ്കകൾ അഭിസംബോധന ചെയ്യേണ്ടതും അദ്ധ്യാപകർ പഠന പ്രക്രിയയിൽ കേന്ദ്രമായി തുടരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും അത്യാവശ്യമാണ്. AI-യുടെ ശക്തി ഉത്തരവാദിത്തത്തോടെ വിനിയോഗിക്കുന്നതിലൂടെ, ഭാവി തലമുറകൾക്കായി കൂടുതൽ സമത്വവും ഉൾക്കൊള്ളുന്നതും ഫലപ്രദവുമായ വിദ്യാഭ്യാസ സമ്പ്രദായം നമുക്ക് സൃഷ്ടിക്കാൻ കഴിയും.

ശിഹാബ് മാസ്റ്റർ കാവപ്പുര
HST അറബിക്

# മധുരമുള്ള മുന്തിരി



NAHMA NUHA 8 A














# FOURTEEN GOLDEN PRINCIPLES FOR STRESS FREE LIVING

- Always some advantage in every event of life. Think over this advantage
- Dont worry about mistake done in the past, the past is ghost, dont worry about future which has not yet born. Make the present positive and creative.
- Dont compare yourself with others, you are unique person in the world.
- Dont feel jealous about others be contented.
- Dont feel superior to others, give up ego.
- Do not try to solve many problems at a time, open only one compartment and put maximum effort.
- If you cant solve a problem despite all efforts. Dont be unhappy, time is the best healer.
- Consider your critics as your critics as your wll wisher by describing your weakness, they ,they are acting as Psychotherapist.alsodon’t criticise oyhers at their back.
- Don’t think of taking revenge-forgive and forget.
- Surrender all worries to God and relax.
- Have positive attitude towards day to day events.
- Check your mind traffic,by observing your mind.It wil stop producing unwanted thoughts.
- Laughter is an antimode to stress. Laugh on your mistakes, but don’t laugh on others.
- Practice meditation for fifteen minutes daily, it will bring piece,poise relaxation of mind and body.

Dr. Musthafa, Physical Education Teacher

# Autumn of My Life

SULTHANA
NAOURIN 10 B

In that cool breeze, my
hair flew around me.
I opened my eyes slowly
In the middle of dark leaves.
a little star twinkled at me
Suddenly,

It came towards at me like
a group of sharp arrows.
Again the God of wind
patted on my hair.
A yellow leaf died on my cheek.

Ma, don’t go... the teacher would beat me.
Grandpa, don’t go to the sky....
I want you to give me candies.
Arya, don’t go... let’s be friends forever
Don’t go... I am alone, I am scared.

But, they are still gone...
The leaves are falling and falling.
The memories are hiding.
But, still the arrows are pushing and pushing.

In a long sight, there
is a tree like a skeleton.
It’s leaves are all falling
down and down.
The memories of my life
also falling down and down.
Again,
The God wind patted on my hair.
It whispered in my ear.
The life also has lessons.
I opened my eyes slowly
the twinkle star is gone...
I spoke to myself that
you had an autumn of your life.
As that skeleton tree who
abandoned by its leaves



## The Mysterious Letter

"I don't know if anyone will believe or understand
me or this letter but those things are not myths or legends,
They are real, I didn't believe it was true until I
saw them myself with my own eyes.
I don't know if I will live to warn others
about this but beware they call themselves th-"



This was the uncompleted letter found by Detective Rayleigh next to a pool of blood. There wasn't any clue about who wrote this letter or what it was talking about, But one thing was sure. This letter was Important news. Now you might be wondering where or what is happening. Let me start from the beginning. Our detective had just reached the small town of Jesticore to meet one of his close friends who was also the mayor of that town. On the way he saw a huge crowd in front of the mayor's office. Everyone there had their faces filled with fear, terror and agony. Avoiding the crowd Rayleigh entered into the office through the back and saw his friend also with a worried face. When the mayor saw the detective he got quite relieved and approached the detective. "Oh My friend do you know how happy I am to see you, Come sit down" the mayor invited Rayleigh and offered him a seat. "Why is there a huge crow in front of your office? Is everything alright" Rayleigh asked. "That is the reason why I called you here. I need your help Rayleigh" answered the mayor. He continued "For the past few weeks people have been disappearing throughout the nights without any trace or clue. The number of people disappearing from this town just keeps increasing day by day. The whole town is in chaos because of this. Shop keepers are afraid to open their shops, Parents are afraid to sent their kids to school the whole town is going crazy because of this. Please you are our only hope in solving this mystery". Rayleigh nodded and told the mayor "Don't worry, I promise you that I will solve this mystery within 2 days. Tell your people not to worry". A little smile appeared on the mayor's face.

Rayleigh walked out of the office and decided to go to the House of the person that was last reported missing. He went from to House to House of the people that went missing. After Learning more about the Behaviours of the victims, Rayleigh was able to find a connection between these cases. Everyone that went missing recently had been last seen around the or on the sacred mountain behind the town. Rayleigh went back to the mayor to learn more about the mountain. "It was the source of food and shelter for people long ago. I think it was during my grand fathers time when we people build huge building here and moved here before that the mountain was the source for food and shelter. Our ancestors farmed crops and fruits and built their homes on the mountain. that is why it is called the sacred mountain. But now nobody goes there. the mountain belongs to the animals and birds, I don't think it would have any connection between the disappearance of the people" The mayor explained. Rayleigh thanked him and decided to go to the mountain to see if there

would be any clues. At around midnight Rayleigh took out his flash light and Headed up the mountain. It was a full moon night so even without the flash light you could see quite well. At first everything seemed alright so he was about to go back until a strange smell hit him. It was quite disgusting, as if it was something rotten. It was coming from the mountain top. Rayleigh decided check it out before going back. He started going towards where the smell was coming from. As he started climbing further up the mountain. He could not shake off the feeling that something was watching him. When he got to the top of the mountain he saw something quite terrific. There were corpses of animals and humans everywhere heads of animals and human were decapitated and put up on a stick. There was a huge trail of blood leading up to a huge cave there. It was a really terrific sight. Humans chopped up like animals, ground covered in blood and organs, corpses that had been burned or chopped up. Rayleigh overcame the shock f seeing this and decided to head inside the cave. He loaded his revolver and unsheathed his sword. He took a deep breath and went further and further inside the cave. As he went deeper and deeper inside the cave the smell of rotting bodies became stronger and stronger. Suddenly the ground cracked and our detective fell inside the hole. After regaining his balance he saw something that was even more terrifying than before. He was in a really huge cave In front of him were 5 people who were hung upside down above a huge fire. Surrounded by dwarf sized beings which were covered in fur with raging pupil less eyes with sharp nails and teeth. They look at Rayleigh as if they had just seen their prey. Now the greatest Detective in the world was stuck in a Hell hole with no way out, What will he do?will he be able to escape?or is this the end of his legacy?

FIZAN SAIF 9 A

# CHIMERA



AYISHA NINU 9C



HASNA JAIN 9C

# CHIMERA



SARFARAZA 9C



RAHMATHUNNISA 9C

## വേനലിലെ എന്റെ അവധിക്കാലം

ചുട്ടുപൊള്ളുന്ന വെയിൽ ദിനത്തിലായിരുന്നു ഇത്തവണത്തെ എന്റെ വേനലവധിക്കാലം ആരംഭിക്കുന്നത്. സ്കൂളില്ലാത്തതിനാൽ ഞാൻ പതിവിലും വൈകിയാണ് രാവിലെ എഴുന്നേൽക്കാറ്. വേനൽ ചൂടിൽ ഉപ്പ വാങ്ങി തരാറുള്ള സിപ്പപ്പും ഉമ്മ ഉണ്ടാക്കിത്തരാറുള്ള ജ്യൂസും എനിക്ക് ഒരു ആശ്വാസമായിരുന്നു. അധിക ദിവസങ്ങളിലും ഞാൻ കൂട്ടുകാര്യമൊത്ത് വൈകുന്നേരങ്ങളിൽ സൈക്കിളോടിച്ചും മറ്റു കളികൾ കളിച്ചും എന്റെ വേനലവധിക്കാലം ആഘോഷമാക്കി. അവധിക്കാലത്തിന് മുല്ലപ്പൂവിന്റെ സുഗന്ധമേഘലൻ പെരുന്നാൾ വന്നു ഞങ്ങൾ കുടുംബക്കാരോടൊപ്പം ഗംഭീരമായി ആഘോഷിച്ചു. കുറച്ച് ദിവസം ഞാൻ എന്റെ ഉമ്മാന്റെ വീട്ടിൽ താമസിക്കാൻ പോയി. അവിടെ നല്ല ഭംഗി നിറഞ്ഞ ഗ്രാമപ്രദേശമാണ്. വയലും തോടും കളങ്ങളും കാണാൻ ഞാൻ എന്നും വൈകുന്നേരങ്ങളിൽ ഉമ്മാന്റെ കൂടെ പോകും. അവിടെ നിന്നും സൂര്യാസ്തമയം വളരെ മനോഹരമായി കാണാൻ കഴിയും. ആകാശത്തെ ഓറഞ്ച് നിറമാക്കി ക്കൊണ്ട് സൂര്യൻ പോയ് മറയുന്ന കാഴ്ച എന്നെ എന്നും വിസ്മയിപ്പിക്കുമായിരുന്നു. ഉമ്മാന്റെ വീട്ടിൽ നിന്നും ഞങ്ങളുടെ വീട്ടിൽ തിരിച്ചെത്തി കുറച്ചു നാൾക്കകം വേനൽ ചൂടിനെ കുറക്കാനായി വേനൽ മഴ വന്നെത്തി. അന്ന് ആദ്യമായി പെയ്ത മഴയിൽ തണുപ്പ് കാറ്റിൽ പടർന്നു. അങ്ങനെ ചുട്ടുപൊള്ളുന്ന വെയിൽ മാറിക്കിട്ടി. പിന്നെ വേനൽ മഴയായിരുന്നു. ഞാൻ കുളത്തിലും ചാലിലും എല്ലാം പോയി നീന്തൽ പഠിച്ചു. ഇടയ്ക്കിടെ ഞങ്ങൾ ബീച്ചിൽ പോയിയിരുന്നു. കടലിലെ തിരമാലക്കൊപ്പം കളിക്കാൻ നല്ല രസമാണ് പിന്നെ ഞങ്ങൾ കുടുംബത്തോടൊപ്പം മൂന്നാറിലേക്ക് ട്രിപ്പ് പോയി അവിടെ നല്ല പച്ചപ്പും മഞ്ഞും കൂടി നല്ല ഭംഗിയുള്ളതായിരുന്നു. എനിക്ക് അവിടെ വളരെ ഇഷ്ടമായി. പിന്നെ സ്കൂൾ തുറക്കാനായി . രണ്ടു മാസം എത്ര വേഗത്തിലാണ് കഴിഞ്ഞ് പോയതെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല.



FATHIMA ANEENA 8A

# كيرالا

كيرلم يا كيرلم أنت مكين
أنت ترقيت إلى الفتح المبين
في العلوم والفنون كلا حين
فأرى شعبك يبلو في الحنين
تبسم الأزهار في الخمائل
ويفوح الطيب في أرجائك
ترقص الأطيار في بساتينك
وصدى الألحان من بلابل
جنتك السحر وتلك الأنهر
وبحيرات وحوت وافر
لك دوح وجبال أكبر
فالدوح الشاي منها ينتشر
مسلمون ونصارى وهنود
في صحيح واحد دون ندوه
مسجدة من جنب خير بيعي
وكنيسة لها فيك وجود
لست أدري كيف أحصي مالك
ربنا الرحمن فيها ونسق
وهو رب العرش سوى ورزق
كل شيء ما رآه يتفق

MUHAMMED SHIBILI 10 C

# ചിത്രവാക്കുകൾ



# चोरी मत करो




GOKUL KRISHNA 8 B



## कौन क्या कहता है ?

| | | | |
|---|---|---|---|
| घड़ी | - टाइम वेस्ट मत करो | सूर्य | - निरन्तरता बनाए रखो |
| समुद्र | - विशाल दिल रखो | गुलाब | - दुख में भी खुश रहो |
| चींटी | - निरन्तर काम करते रहो | दीपक | - दूसरों को रोशन करो |
| वृक्ष | - परोपकारी बनो | कुत्ता | - वफादार बनो |
| धरती | - सहनशील बनो | कोयल | - मीठा बोलो |

JENNIFER FRANCHISKA 8 B

# النواتج الدراسية



NAJLA SHERIN 10 B




MUHAMMAD NUHMAN 10 B




JAHAN IQBAL.C 8.A







Sarlana Thasni - 10B




بسم الله الرحمن الرحيم


اليوم العالمي للغة العربية
Shahana shezin -P


اللغة العربية


اليوم العالمي للغة العربية

# PORTRAITS



ANSIYA THESNI 9D



FATHIMA HANEENA 8A



FATHIMA FARVIN 9D

# PORTRAITS






SHAHAN IQBAL 8A



FATHIMA JESNI 9D

# PORTRAITS



FATHIMA NASEEHA 9D



NAHMANUHA 8A



FATHIMA BANUSHA 10B




ASNA FATHIMA 10B




ASHIR 10 C



FATHIMA NAHLA 8D




SHYAMJITH 10B



# CARTOON



MOHAMED IFHAM 9A


SULTHANA NAUREEN 10B

# CARTOON




MOHMMED FIZAN SAIF 9A



# സ്കൂൾ ചിത്രങ്ങളിലൂടെ








ൻഡ
വിരു
പിക
ടനം
പതി
മത്സ
കെ.
ട്ടുമീ
ം.മൻ
സതീ
നിവർ

ചെട്ടിയാൻകിണർ ഗവ. ഹൈസ്കൂൾ ജൂനിയർ റെഡ് ക്രോസ്, നല്ലപാഠം എന്നിവയുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ നടത്തിയ ബോധവൽക്കരണ റാലി





SHORT FILIM WORKS BY LITTLE KITES STUDENTS













## ചെട്ടിയാൻകിണർ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
## പ്രവർത്തന റിപ്പോർട്ട് 2023-24

ചെട്ടിയാൻകിണർ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ഹൈസ്ക്കൂൾ വിഭാഗത്തിലെ 2023-24 അധ്യയന വർഷത്തെ പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളും അവയുടെ നേട്ടങ്ങളും സംക്ഷിപ്തമായി രേഖപ്പെടുത്തുന്ന പ്രവർത്തന റിപ്പോർട്ട്.

### ആമുഖം

1974 – ൽ പെരുമണ്ണ പ്രദേശത്തെ പൗരപ്രമുഖന്മാരുടെ നേതൃത്വത്തിൽ സ്ഥാപിതമായ ചെട്ടിയാൻകിണർ ഗവണമെന്റ് ഹൈസ്കൂൾ ഇന്ന് പുരോഗതിയുടെ പാതയിലാണ്. ഈ പ്രദേശത്തെ വിദ്യാഭ്യാസപുരോഗതിയിൽ ഈ വിദ്യാലയം നിർണ്ണായക പങ്ക് വഹിക്കുന്നു. ഏഴാം തരത്തിൽ പഠനം നിർത്തിയിരുന്ന 70 – 80 കാലഘട്ടത്തിൽ, തുടർപഠനം സാദ്ധ്യമായത് ചെട്ടിയാൻകിണർ ഗവൺമെന്റ് ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടതോടുകൂടിയാണ്. പത്താംതരം കഴിയുന്നതോടെ ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് അവസരം ഉണ്ടായിരുന്നില്ല.

അതുകൊണ്ടുതന്നെ 90%പേരും പത്താംതരത്തോട് കൂടി പഠനം അവസാനിപ്പിക്കുന്ന സ്ഥിതിയായിരുന്നു. ഇതിനൊരു പരിഹാരമെന്നോണം 1993 -ൽ വി.എച്ച്.എസ്.സി വിഭാഗവും 2004 – ൽ ഹയർസെക്കന്ററി വിഭാഗവും ആരംഭിച്ചു. പെരുമണ്ണ, ഒഴൂർ, തെന്നല, പൊൻമുണ്ടം എന്നീ പഞ്ചായത്തുകളിലെ സാധാരണക്കാരായ കുട്ടികൾക്ക് ഹയർസെക്കന്ററി പഠനത്തിന് ആശ്രയമായത് ചെട്ടിയാൻകിണർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ആണ്.

2022 – 23 അദ്ധ്യയന വർഷത്തിൽ 171പേരാണ് എസ്.എസ്. എൽ.സി പരീക്ഷ എഴുതിയത്. 100% വിജയം കൈവരിക്കാൻ സാധിച്ചു. പി.ടി.എ.യുടെയും ജനപ്രതിനിധികളുടെയും സജീവമായ പങ്കാളിത്തവും പിന്തുണയും വിദ്യാലയത്തിന്റെ അക്കാദമികപുരോഗതിക്ക് സഹായകമായിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കൈവരിക്കുന്നതിന് ഏറ്റവും മികച്ച രീതിലുള്ള പരിശീലനം നൽകിവരുന്നുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ വർഷവും നൂറു ശതമാനം വിജയം നേടാൻ നമുക്ക് സാധിച്ചു. 13കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. 10കുട്ടികൾ 9

വിഷയങ്ങളിൽ എ പ്ലസ് നേടിക്കൊണ്ട് ഉന്നതവിജയം നേടിയെടുത്തത് വിജയത്തിന്റെ മാറ്റ് കൂട്ടുന്നു. മുഴുവൻ വിദ്യാർഥികളെയും അഭിനന്ദിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ഏഴുവർഷം തുടർച്ചയായി നൂറുശതമാനം വിജയം നിലനിർത്താൻ കഴിയുന്നു എന്നത് പഠനരംഗത്തെ വിട്ടുവീഴ്ചയില്ലാത്ത പരിശീലനത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ഫലമാണ്. ഈ വർഷവും മികച്ച വിജയം ലക്ഷ്യമാക്കിക്കൊണ്ടുള്ള പഠന-പരിശീലന പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

2023 – 24 അദ്ധ്യയന വർഷത്തെ ക്ലാസുകൾ ജൂൺ മാസത്തിൽ പ്രവേശനോത്സവത്തോടെ ആരംഭിച്ചു. എട്ടാം തരത്തിൽ പുതുതായി ചേർന്ന എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകരുടെ വകയായി നോട്ടുപുസ്തകങ്ങൾ വിതരണം ചെയ്തു. ലഡു വിതരണവും വിഭവ സമൃദ്ധമായ ഉച്ചഭക്ഷണ, പായസവിതരണവും പി..ടി.എ. എസ്.എം.സി. എന്നിവയുടെ നേതൃത്വ ത്തിൽ നടന്നു.

പൊതുവിദ്യാലയങ്ങൾ അക്കാദമിക രംഗത്ത് മികവുപുലർത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ചെട്ടിയാൻകിണർ ഗവ. ഹൈസ്കൂൾ മികവുറ്റ നിരവധി പ്രവർത്തനങ്ങൾ അക്കാദമിക മികവിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വിഷയങ്ങളുടെ അടിസ്ഥാനത്തിലും പഠന ക്ലബ്ബുകളുടെ നേതൃത്വത്തിലും നടത്തിയ പ്രവർത്തനങ്ങൾ കുട്ടികൾക്ക് പഠനത്തോടുള്ള താൽപര്യവും സർഗാത്മകശേഷിയും വർധിപ്പിക്കാനും രക്ഷിതാക്കളെയും സമൂഹത്തെയും വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കുവാനും ഉതകുന്നവയായിരുന്നു. പി.ടി.എ.യുടെയും ജനപ്രതിനിധികളുടെയും സജീവമായ പങ്കാളിത്തവും പിന്തുണയും വിദ്യാലയത്തിന്റെ അക്കാദമികപുരോഗതിക്ക് സഹായകമായിട്ടുണ്ട്.

ഈ അധ്യയനവർഷത്തെ മികവുറ്റ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് താഴെ വിവരിക്കുന്നു.

8,9 ക്ലാസിലെ വിദ്യാർഥികളുടെ അടിസ്ഥാനശേഷി വികസനം ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന വിജയസ്പർശം പദ്ധതി സ്കൂളിൽ വിജയകരമായി നടപ്പാക്കിവരുന്നു.
വിദ്യാർഥികളുടെ എഴുത്ത്, വായന

തുടങ്ങിയ ശേഷികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രത്യേക മൊഡ്യൂളുകൾ തയാറാക്കിയാണ് പരിശീലനം നടത്തുന്നത്. ഇത് ഗുണപരമായ മാറ്റം കുട്ടികളിൽ ഉണ്ടാക്കുവാൻ സഹായകമായിട്ടുണ്ട്. പദ്ധതിയുടെ സ്കൂൾതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് മെമ്പർ യാസ്മിൻ അരിമ്പ്ര നിർവഹിച്ചു.

### ക്ലബ്ബ് ഉദ്ഘാടനവും വിദ്യാർത്ഥികൾക്കുള്ള അനുമോദനവും

വിവിധ പഠനക്ലബ്ബുകളുടെ ഉദ്ഘാടനവും വായന മാസാചരണത്തിന്റെ ഭാഗമായുള്ള വായനയുടെ ലോകത്തേക്ക് പ്രഭാഷണവും അധ്യാപകനും സാംസ്കാരിക പ്രവർത്തകനുമായ രജീഷ് കുമാർ പി. നിർവഹിച്ചു. കഴിഞ്ഞ അധ്യയന വർഷം സ്കൂൾ ലൈബ്രറിയിൽ നിന്ന് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ എടുത്ത് വായിച്ച വിദ്യാർത്ഥികളെ ഉപഹാരം നൽകി അനുമോദിച്ചു. വിദ്യാർഥികളുടെ കലാപരിപാടി അവതരണവും നടന്നു. എസ്.എം.സി. ചെയർമാൻ എൻ.എം. അബ്ദുൽ മജീദ്, ഹെഡ്മാസ്റ്റർ പ്രസാദ് പി., പി.ടി.എ. പ്രസിഡന്റ് എം.സി. അബ്ദുൽ മാലിക്, എസ്ആർ.ജി കൺവീനർ ശിഹാബുദ്ദീൻ കാവപ്പുര, അസൈനാർ എടരിക്കോട്, കവിത കെ., മേഖ രാമകൃഷ്ണൻ, രൺജിത്ത് എൻ.വി. എന്നിവർ സംസാരിച്ചു.

### വിദ്യാരംഗം കലാസാഹിത്യവേദി

കുട്ടികളിലെ സർഗ്ഗാത്മക ചിന്തകൾ വളർത്താനുള്ള വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ സർഗാത്മക പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുസ്തക പരിചയം, സാഹിത്യ ക്വിസ് തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ബഷീർ ദിനത്തിന്റെ ഭാഗമായി പുസ്തക പ്രദർശനം, ബഷീർ കഥാപാത്രങ്ങളുടെ ചിത്രീകരണം എന്നിവ സംഘടിപ്പിച്ചു. വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ ക്വിസ് കോർണർ ആരംഭിച്ചു.

### ഇംഗ്ലീഷ് ക്ലബ്

പരിസ്ഥിതിസംരക്ഷണസന്ദേശം പകർന്നുകൊണ്ട് POSTER MAKINGമത്സരം സംഘടിപ്പിച്ചു. വായനദിനത്തിന്റെ ഭാഗമായി ജൂൺ 19ന് NEWS READING COMPETITION സംഘടിപ്പിച്ചു. 10 B ക്ലാസിലെ സുൽത്താന നൗറിൻBEST NEWS READER ആയി തിരഞ്ഞെടുത്തു. ഇംഗ്ലീഷ് പഠനം സുഖകരമാക്കുന്നതിനും VOCABULARY DEVELOPMENT ഉണ്ടാകുന്നതിനും SPELLING GAME പോലുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

### അലിഫ് അറബി ക്ലബ്ബ്

ജൂൺ 15 ന് അറബിക്

രൂപീകരണവും വിവിധ പരിപാടികളും സംഘടിപ്പിച്ചു. എട്ടാം ക്ലാസിൽ പുതുതായി ചേർന്ന കുട്ടികളിൽ നിന്ന് അഡ്മിഷൻ സ്വീകരിച്ചു.

ജൂൺ 19 വായനദിന മത്സരങ്ങൾ സംഘടിപ്പിച്ചു .

പെരുന്നാളിനോടനുബന്ധിച്ച് കുട്ടികൾക്കായി മെഹ്ഫിലേ ഈദ് എന്ന പേരിൽ 27.06.2023 ന് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. മാപ്പിളപ്പാട്ട് , മെഹന്തി, ഗ്രീറ്റിങ്ങ് കാർഡ് നിർമ്മാണം എന്നീ മത്സരങ്ങളാണ് നടന്നത്. പ്രധാനാധ്യാപകൻ ശ്രീ. പ്രസാദ് സർ ഉദ്ഘാടനം ചെയ്തു. സ്റ്റാഫ് സെക്രട്ടറി റസീന.എം. അദ്ധ്യക്ഷത വഹിച്ചു. അസൈനാർ മാസ്റ്റർ എടരിക്കോട് പെരുന്നാൾ സന്ദേശം കൈമാറി. ഇർഷാദ് മാസ്റ്റർ സ്വാഗതവും, ശിഹാബ് മാസ്റ്റർ കാവപ്പുര നന്ദിയും പറഞ്ഞു.

സംസ്ഥാന തലത്തിൽ നടത്തപ്പെടുന്ന അറബിക്ക് ടാലന്റ് പരീക്ഷ സ്കൂൾ തലത്തിൽ ജൂലൈ 10 ന് നടത്തി, ജൂലൈ 15 ന് സബ് ജില്ലാ തലത്തിൽ പങ്കെടുപ്പിച്ചു.

## ഹിന്ദി ക്ലബ്

കുട്ടികൾ യു.പി. ക്ലാസ് മുതലാണ് ഹിന്ദി പഠിച്ചുതുടങ്ങുന്നത്. അതുകൊണ്ടുതന്നെ മറ്റു ഭാഷാവിഷയങ്ങളെ അപേക്ഷിച്ച് ഏറെ പ്രയാസങ്ങൾ ഹൈസ്കൂൾ തലത്തിൽ കുട്ടികൾ നേരിടുന്നുണ്ട്. കോവിഡ് സൃഷ്ടിച്ച പഠനവിടവ് ഈ പ്രയാസങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഹിന്ദി ഭാഷാപഠനം പരിപോഷിപ്പിക്കുന്നതിന് വിവിധ പഠനപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ജൂൺ 19 വായനദിനത്തിൽ Hindi speech, Recitation, Reading, poster നിർമ്മാണം തുടങ്ങിയവ സംഘടിപ്പിച്ചു.

july 31 പ്രേംചന്ദ് ദിനത്തിൽ poster നിർമ്മാണം, വായന മത്സരം, Profile making competition, Elocution, Recitation, ക്വിസ് മത്സരം തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇത്തരം പരിപാടികൾ club അംഗങ്ങൾ ഗംഭീരമായി അവതരിപ്പിച്ചത് പഠനപ്രവർത്തനങ്ങളിലെ മികവുകൊണ്ടാണ്.

August 15 ന്റെ ഭാഗമായി club അംഗങ്ങൾ സ്വാതന്ത്ര്യദിന പോസ്റ്റർ നിർമ്മാണം, ഹിന്ദി കവിതാലാപനം എന്നിവ അവതരിപ്പിച്ചു.

September 14- Hindi day യുമായി ബന്ധപ്പെട്ട് poster making, Hindi day speech, ഹിന്ദി കവിത, വായന മത്സരം എന്നിവ നടത്തി.

## സയൻസ് ക്ലബ്

സയൻസ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ജൂലൈ 21 ചാന്ദ്ര ദിന പരിപാടികൾ സംഘടിപ്പിച്ചു. ക്വിസ് മത്സരം, പോസ്റ്റർ രചന മത്സരങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. ക്വിസ്

മത്സരത്തിൽ 10 Dയിലെ Muhammed Nashid ഒന്നാം സ്ഥാനവും 9 D യിലെ Fathima Jesni രണ്ടാം സ്ഥാനവും നേടി. പോസ്റ്റർ രചനയിൽ 9D യിലെ Fathima Farween ഒന്നാം സ്ഥാനവും Shifana sherin രണ്ടാം സ്ഥാനവും നേടി. വിജയികൾക്ക് അസംബ്ലിയിൽ വച്ചു സമ്മാനങ്ങൾ വിതരണം ചെയ്തു. ശാസ്ത്രരംഗത്ത് മനുഷ്യരാശിക്കുണ്ടായ കുതിച്ചു ചാട്ടത്തെപ്പറ്റി വിദ്യാർഥികളിൽ അവബോധം വളർത്താൻ ഇത്തരം പരിപാടികൾ കൊണ്ട് സാധിച്ചു.

ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ചു ഓഗസ്റ്റ് 6 നും ഓഗസ്റ്റ് 9 നും പോസ്റ്റർ രചനമത്സരം സംഘടിപ്പിച്ചു. യുദ്ധത്തിന്റെ കെടുതികൾ വിദ്യാർത്ഥികൾക്ക് മനസിലാക്കി നൽകാനും ശാസ്ത്രത്തിന്റെ വളർച്ച മനുഷ്യരാശിക്കു എങ്ങനെ വിപരീതമായി വന്നു എന്ന് വിദ്യാർത്ഥികൾക്ക് മനസിലാക്കാനും ഇത്തരം പരിപാടി കൊണ്ട് കഴിഞ്ഞു.

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു ഓഗസ്റ്റ് 14 ന് പതാക നിർമ്മാണം പോസ്റ്റർ നിർമ്മാണം എന്നീ ഇനങ്ങളിൽ മത്സരം സംഘടിപ്പിച്ചു.

വിദ്യാർത്ഥികളിൽ യുദ്ധവിരുദ്ധ സന്ദേശം പകരുന്നതിന് ഹിരോഷിമ - നാഗസാക്കി ദിനത്തോടനുബന്ധിച്ച് പോസ്റ്റർ രചന, സഡാകോ നിർമ്മാണം, ചിത്രരചന മത്സരം എന്നിവ സംഘടിപ്പിച്ചു.

സ്വാതന്ത്ര്യദിനാഘോഷം, റാലി എന്നിവ സംഘടിപ്പിച്ചു.

യാസ്മിൻ അരിമ്പ്രയുടെ കീഴിലുള്ള ബ്ലൂംസ് സ്പെഷ്യൽ സ്കൂൾ സന്ദർശിക്കുകയും ഭക്ഷണം വിതരണം ചെയ്യുകയും ചെയ്തു.

ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ രചന മത്സരം സംഘടിപ്പിച്ചു.

പെരുന്നാളിനോടനുബന്ധിച്ച് മൈലാഞ്ചിയിടൽ മത്സരം സംഘടിപ്പിച്ചു.

ലോക ജനസംഖ്യദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം സംഘടിപ്പിച്ചു.

വിദ്യാർഥികളിൽ ജനാധിപത്യബോധം വളർത്തുക, പാർലമെന്ററി തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടുക എന്നീ ലക്ഷ്യത്തോടെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ നടത്തി. തിരഞ്ഞെടുപ്പിന്റെ മുഴുവൻ പ്രക്രിയയും വിദ്യാർഥികൾ തന്നെ നിർവ്വഹിക്കുന്നതിലൂടെ പ്രായോഗിക പഠനവും സാധ്യമായി.

## ഗണിതക്ലബ്

ഒരു മാസത്തിലെ രണ്ടാമത്തെയും, നാലാമത്തെയും വെള്ളിയാഴ്ചയാണ് ഗണിത ക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നത്.

എല്ലാ വെള്ളിയാഴ്ചയും, ഉച്ചയ്ക്ക് 1.00 മണി മുതൽ 1.45 വരെ ഗണിത ക്ലിനിക്ക് എന്ന സംശയ നിവാരണ ക്ലാസ്സ് നടത്തുന്നു. ഗണിത പാഠപുസ്തകത്തിലെ സംശയനിവാരണം, ഗണിത പസിലുകൾ എന്നിവയുടെ ചർച്ചകളാണ് ക്ലിനിക്കിനെ സജീവമാക്കുന്നത്.

ഓരോ ടേമിലും ഗണിത ക്ലബ്ബിന്റെ ഭാഗമായി , ഗണിത ക്വിസ്, സെമിനാർ , ചാർട്ട് നിർമ്മാണം എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനം നൽകുകയും ചെയ്യുവരുന്നു.

ഐ.ടി.ക്ലബ്/ലിറ്റിൽ കൈറ്റ്സ്

വിവര സാങ്കേതികവിദ്യാരംഗത്ത് വിദ്യാർഥികളെ സ്വയം പര്യാപ്തമാക്കുന്നതിനായി ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

ലിറ്റിൽ കൈറ്റ്സിന്റെ 2023 - 24 വർഷത്തെ പ്രവർത്തനം June 13 ന് നടത്തിയ അഭിരുചി പരീക്ഷയോടെ തുടക്കം കുറിച്ചു. ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന കേന്ദ്രീകൃത രീതിയിൽ സംസ്ഥാനമൊട്ടാകെ നടത്തിയ പരീക്ഷയിൽ GVHSS ചെട്ടിയാൻകിണർ സ്കൂളിൽ 55 കുട്ടികൾ പ്രവേശന പരീക്ഷ എഴുതി.

എട്ടാം ക്ലാസിൽ പുതുതായി ചേർന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പ്രിലിമിനറി ക്യാമ്പ് നടത്തി. സ്കൂൾ പ്രധാനാധ്യാപകൻ പ്രസാദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 9, 10, 11 തിയതികളിൽ ഫ്രീഡം ഫെസ്റ്റ് സംഘടിപ്പിച്ചു. ആഗസ്റ്റ് 9 ന് സ്കൂൾ ആഡിറ്റോറിയത്തിൽ പ്രത്യേക അസംബ്ലി നടത്തി സ്വാതന്ത്ര്യ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ആഗസ്റ്റ് 10: ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.

ആഗസ്റ്റ് 11: ന് ഐ.ടി. കോർണർ പ്രദർശനം സംഘടിപ്പിച്ചു. റോബോട്ടിക്ക് സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും പ്രദർശനവും റോബോട്ടിക് മാതൃകകളുടെ അവതരണവും നടത്തി, മുഹമ്മദ് മുനവ്വർ 10 A, സഹൽ 10 A, ലുഖ്മാൻ 10 B, ഫിസാൻ 9 A എന്നിവർ നേതൃത്വം നൽകി.

27. 23 ന് നടത്തിയ സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ”സമ്മതി” സോഫ്റ്റ്വെയർ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് സംഘടിപ്പിച്ചു.

ജൂനിയർ റെഡ് ക്രോസ്

വിദ്യാർഥികളിൽ സാമൂഹിക സേവനസന്നദ്ധതയും സാമൂഹികബോധവും വളർത്തുന്ന വിവിധ പരിപാടികൾ ജൂനിയർ റെഡ്ക്രോസിന്റെ ആഭിമുഖ്യത്തിൽ

ചെയ്തുവരുന്നുണ്ട്. ജൂനിയർ റെഡ് ക്രോസ് ആഭിമുഖ്യത്തിൽ വായനാദിനത്തോടനുബന്ധിച്ച് വായനയെ ജീവനോളം സ്നേഹിച്ച പുസ്തകങ്ങൾ സ്വരൂപിച്ച വായനയെ പ്രോത്സാഹിപ്പിക്കുന്ന നോവൽ മുഹമ്മദിനെ ആദരിച്ചു. ചടങ്ങിൽ ഹെഡ്മാസ്റ്റർ പിടിഎ ഭാരവാഹികൾ JRC കാഡറ്റുകൾ എന്നിവർ പങ്കെടുത്തു.

ജെ ആർ സി യുടെ സ് കാർഫിംഗ് സെറിമണി RRRF പോലീസ് ഇൻസ്പെക്ടർ സുധീർ ദാസ് നിർവഹിച്ചു പുതുതായി ചേർന്ന കേഡറ്റുകൾക്ക് സ്കാർഫ് അണിയിച്ചു കൊണ്ട് പ്രവേശനം നൽകി.

വിദ്യാർഥികൾക്ക് ജീവൻരക്ഷാ പരിശീലനവും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. കോട്ടക്കൽ ആലിക്കുട്ടിസ് ആയുർവേദ സ്പെഷാലിറ്റി ഹോസ്പിറ്റലിലെ ഡോക്ടർഅഹ്സാൻ നിഹാദ് ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകി. ജീവൻ രക്ഷാ പരിശീലന ക്ലാസിന് മിംസ് ഹോസ്പിറ്റലിലെ ട്രോമാകെയർ വളണ്ടിയർമാർ നേതൃത്വം നൽകി കൂടാതെ വിദ്യാർഥികൾക്ക് ഉയരാം..വീണ്ടും എന്ന വിഷയത്തിൽ ഫർസാന സുറുമി ക്ലാസ് എടുത്തു.

ഹിരോഷിമ നാഗസാക്കി ദിനം ആചരിച്ചു. സ്വാതന്ത്ര്യ ദിന റാലിയിൽ സജീവമായി പങ്കെടുത്തു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രദർശനം, ഒപ്പുശേഖരണം, ലഹരിവിരുദ്ധ റാലി എന്നിവ സംഘടിപ്പിച്ചു.

സ്കൂൾ പാർലമെൻറ് ഇലക്ഷന്റെ നേതൃത്വം ഏറ്റെടുത്തു.

സഹപാഠിക്ക് ഒരു കൈത്താങ്ങ് പദ്ധതിയുടെ ഭാഗമായി ഒരു വിദ്യാർത്ഥിക്ക് വീട് നിർമ്മാണത്തിന് വേണ്ടി 6000 രൂപ സംഭാവന നൽകി.

ഓസോൺ ദിനത്തോടനുബന്ധിച്ച് ഓസോൺ സംരക്ഷണ വലയം തീർക്കുകയും പ്രതിജ്ഞ ബോധവൽക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുകയും ചെയ്തു.

തവനൂർ വൃദ്ധസദനം, പ്രതീക്ഷാ ലയം ,ചിൽഡ്രൻസ് ഹോം എന്നിവ സന്ദർശിച്ച് വസ്ത്രങ്ങൾ, ഫാൻ, ബെഡ്ഷീറ്റ് പഴങ്ങൾ എന്നിവ കൈമാറി. തവനൂർ കാർഷിക കോളേജ് സന്ദർശിച്ചു.മലയാള മനോരമയുടെ നല്ല പാഠം പുരസ്കാരം ലഭിച്ചു.

ഫോറസ്ട്രി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ നഴ്സറി യോജന പദ്ധതി പ്രകാരം 2500 ഫലവൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ചു വിതരണത്തിന് തയ്യാറാക്കി.

റെഡ്ക്രോസിന്റെയും ഹരിത സേനയുടെയും ആഭിമുഖ്യത്തിൽ വാഴഗ്രാമം പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി റോബസ്റ്റ് വാഴക്കന്നുകൾ വിതരണം ചെയ്തു.

## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് 2023 - 24
## പ്രവർത്തന റിപ്പോർട്ട്

പ്രവർത്തനങ്ങൾ ഒന്ന് :

**അഭിരുചി പരീക്ഷ**

ലിറ്റിൽ കൈറ്റ്സിന്റെ 2023 - 24 വർഷത്തെ പ്രവർത്തനം June 13 ന് നടത്തിയ അഭിരുചി പരീക്ഷയോടെ തുടക്കം കുറിച്ചു. ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന കേന്ദ്രീകൃത രീതിയിൽ സംസ്ഥാനമൊട്ടാകെ നടത്തിയ പരീക്ഷയിൽ GVHSS ചെട്ടിയാൻകിണർ സ്കൂളിൽ 55 കുട്ടികൾ പ്രവേശന പരീക്ഷ എഴുതി.

പ്രവർത്തനം 2 :

**പ്രിലിമിനറി ക്യാമ്പ് ജൂലൈ 3**

എട്ടാം ക്ലാസിൽ പുതുതായി ചേർന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പ്രിലിമിനറി ക്യാമ്പ് നടത്തി. സ്കൂൾ പ്രധാനാധ്യാപകൻ പ്രസാദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

പ്രവർത്തനം:3

**ഫ്രീഡം ഫെസ്റ്റ്**

സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 9, 10, 11 തിയതികളിൽ ഫ്രീഡം ഫെസ്റ്റ് സംഘടിപ്പിച്ചു

ആഗസ്റ്റ് 9: പ്രത്യാക അസംബ്ലി : സ്കൂൾ ആഡിറ്റോറിയത്തിൽ പ്രത്യാക അസംബ്ലി നടത്തി സ്വാതന്ത്ര്യ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ആഗസ്റ്റ് 10: ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.

ആഗസ്റ്റ് 11: ഐ.ടി. കോർണർ പ്രദർശനം സംഘടിപ്പിച്ചു. റോബോട്ടിക്ക് സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും പ്രദർശനം റോബോട്ടിക് മാതൃകകളുടെ അവതരണവും നടത്തി.മുഹമ്മദ് മുവ്വർ 10. A, സഹൽ 10 A, ലുഖ്മാൻ 10.B, ഫിസാൻ 9 A എന്നിവർ നേതൃത്വം നൽകി.

പ്രവർത്തനം: 4

**ഇലക്ട്രോണിക് വോട്ടെടുപ്പ് :**

27. 7.23 ന് നടത്തിയ സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ”സമ്മതി ” സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് സംഘടിപ്പിച്ചു.

## MAGAZINE COMMITTEE

P PRASAD ; HEAD MASTER

INDU P ; KITE MISTRESS

MOHAMAD IRSHAD PT: KITE MASTER

STUDENT EDITOR : IFHAM 9TH A
ASSOCIATE STUDENT EDITOR : FIZAN SAIF 9TH A